ഇടുക്കി പാക്കേജ്

177 (3462) ശ്രീ. ഇ. പി. ജയരാജൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി പാക്കേജിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചതെന്നാണ്;

(ബി) എത്ര തുകയുടെ അനുമതിയാണ് ലഭിച്ചത് ; സംസ്ഥാന വിഹിതം എത്രയാണ് ;

(സി) അനുമതി ലഭിച്ചപ്പോൾ നിശ്ചയിച്ച കാലാവധി ദീർഘിപ്പിച്ചു ലഭിക്കുകയുണ്ടായോ ; ഏതുവരെയാണ് കാലാവധി ദീർഘിപ്പിച്ചത്?

ഉത്തരം

(എ) 20-11-2008-ൽ.

(ബി) 481.86 കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി ലഭിച്ചത്. റിലീസ് ചെയ്ത 260.48 കോടി രൂപ വിവിധ വകുപ്പുകളുടെ തുടർ പദ്ധതികളിൽ നടപ്പിലാക്കിവരുന്നു. ഇടുക്കി പാക്കേജിനുമാത്രമായി ബജറ്റ് വിഹിതമില്ല.

(സി) ഇടുക്കി പാക്കേജിന്റെ കാലാവധി 2013 നവംബറിൽ അവസാനിച്ചതായി (കേന്ദ്ര കൃഷി മന്ത്രാലയത്തിലെ അഡീ. ചീഫ് സെക്രട്ടറി 29-4-2013-ൽ കാർഷിക ഉല്പാദന കമ്മീഷണർക്ക് അയച്ച കത്ത്) കേന്ദ്രസർക്കാർ അറിയിച്ചിരുന്നു. ബഹു. മുഖ്യമന്ത്രി 23-1-2014-ലും 16-10-2014-ലും ഇടുക്കി പാക്കേജിന്റെ കാലാവധി 2 വർഷംകൂടി നീട്ടുന്നതിന് കേന്ദ്ര സർക്കാരിന് കത്ത് നൽകി. എന്നാൽ ഇതിനുള്ള മറുപടിയായി പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ചുപൂർത്തിയാക്കുന്നതിന് ഇടുക്കി പാക്കേജിന്റെ കാലാവധി ദീർഘിപ്പിക്കാത്തത് തടസ്സമാവില്ലായെന്നും കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തുടർന്നും ആർ.കെ.വി.വൈ. പോലുള്ള തുടർ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണെന്നുമാണ് ബഹു. കേന്ദ്ര കൃഷി മന്ത്രി 13-11-2014-ൽ ബഹു. മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ ഇടുക്കി പാക്കേജ്മൂലം ഗ്രാമീണ ഉപജീവന മാർഗ്ഗത്തിലും കാർഷിക മേഖലയിലും ഉണ്ടായ പ്രബലമായ പ്രഭാവവും കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യാത്തതും പ്രശംസനീയമായ നേട്ടമാണെന്ന് ടി കത്തിൽ പരാമർശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly